# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4248      17.05.2017 ൽ മറുപടിയ്ക്ക്

## അത്യാധുനിക സൈബർ ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം.സ്വരാജ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്തെ സൈബർ കേസുകളിൽ അന്വേഷണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതിനു കാരണം ശാസ്ത്രീയമായി കുറ്റം തെളിയിക്കുന്നതിനുള്ള പരിശോധനാ ലാബുകൾ കേരളാ പോലീസിൽ ഇല്ലാത്തതു കൊണ്ടാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പോലീസ് വകുപ്പിനു കീഴിലുള്ള തിരുവനന്തപുരത്തെ സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സൈബർ കേസുകളിലെ പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. |
| (സി) | നിലവിൽ സി-ഡാക് മുഖേന നടത്തുന്ന ഇത്തരം പരിശോധനകളുടെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി കേരളാ പോലീസിനു കീഴിൽ അത്യാധുനിക ലാബ് സൗകര്യം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ പോലീസ് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരത്തെ സ്റ്റേറ്റ് ഫോറൻസിക് ലബോറട്ടറിയിൽ മാത്രമാണ് സൈബർ കേസുകളിലെ പരിശോധനകൾ നടത്തുന്നത്. ഇതിനു പുറമേ സി-ഡാക്കിലും ഇത്തരം പരിശോധനകൾ നടത്തുന്നുണ്ട്. പോലീസ് വകുപ്പിന് കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽക്കൂടി സൈബർ പരിശോധന സംവിധാനം ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| (ഡി) | പ്രസ്തുത പരിശോധനകൾ നടത്തുന്നതിനാവശ്യമായ സാങ്കേതിക ജ്ഞാനം ഉള്ളവർ പോലീസ് സേനയിൽ ലഭ്യമാണെന്ന കാര്യം സർക്കാരിന് അറിവുണ്ടോ : | (ഡി) | സൈബർ കേസുകളിലെ പരിശോധനകൾ നടത്തുന്നതിന് ആവശ്യമായ സാങ്കേതിക ജ്ഞാനം ലഭിച്ച സയന്റിഫിക് ഉദ്യോഗസ്ഥർ സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയിലും തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സമയബന്ധിതമായി ഈ സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | സൈബർ കേസുകളിലെ പരിശോധനകൾ സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.